I ഇ.ബി. XIV-കേരള നിയമസഭ/XVI-12

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയ നോട്ടീസ്

ഓഡിറ്റ് നിഷേധം

മി. സ്പീക്കർ: കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിലും (KIIFB) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലും (KIAL) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ നിർദ്ദേശിക്കുന്ന ഓഡിറ്റ് നിഷേധിക്കുന്ന സർക്കാരിന്റെ നടപടിമൂലം ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ

സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വിഷയത്തിലെ ഉള്ളടക്കം സംബന്ധിച്ച് ഇന്നത്തെ ചോദ്യോത്തരവേളയിൽ വിശദമായി ചർച്ച ചെയ്യുകയും 2019 ഒക്ടോബർ 29, നവംബർ 4 തീയതികളിലെ നക്ഷത്രചിഹ്നമിട്ട ചോദ്യപ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണ്. കിഫ്ബിയിൽ ഓഡിറ്റിംഗിന് അനുമതിയില്ലെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരേ വിഷയം വീണ്ടും ചർച്ച ചെയ്യുന്ന സാഹചര്യം ചട്ടപ്രകാരം അനുവദനീയമല്ലാത്തതിനാൽ അനുമതി നൽകുവാൻ കഴിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഓഡിറ്റിംഗ് നിഷേധിക്കുന്ന ഭരണഘടനാ വിരുദ്ധമായ നടപടി സംബന്ധിച്ച കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. ചോദ്യമായും സബ്മിഷനായും ഉന്നയിച്ച വിഷയങ്ങൾ അടിയന്തരപ്രമേയമായി ഉന്നയിച്ച നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിക്കരുത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സി & എ.ജി. ഓഡിറ്റിംഗുമായി ബന്ധപ്പെട്ട വിഷയത്തിൽ നിയമപരമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഏതു രൂപത്തിലുള്ള അന്വേഷണവും നടത്താമെന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്. വിശദീകരണക്കുറിപ്പിലെ വാദം അടിസ്ഥാനരഹിതമാണ്.

മി. സ്പീക്കർ: സഭയിൽ വിശദമായി ചർച്ച ചെയ്യപ്പെട്ടതും ധനകാര്യ വകുപ്പുമന്ത്രി നിലപാട് വ്യക്തമാക്കിയിട്ടുള്ളതുമായ സാഹചര്യത്തിൽ ചട്ടപ്രകാരം അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നൽകാൻ കഴിയില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) വാടകനിയന്ത്രണവും നഷ്ടപരിഹാരവും

ശ്രീ. വി. കെ. സി. മമ്മത് കോയ: വ്യാപാര സ്ഥാപനത്തിന്റെ നടത്തിപ്പിനായി വാടകക്കെട്ടിടങ്ങളിൽ വലിയ തോതിൽ മുതൽമുടക്കിയ ചെറുകിട വ്യാപാരികളെ നിലവിലുള്ള വാടകനിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഒഴിപ്പിക്കുന്നത് നിയമവിരുദ്ധമായതിനാൽ പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും ദേശീയപാതയ്ക്കും മറ്റ് വികസനപ്രവർത്തനങ്ങൾക്കുമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരസ്ഥാപന ഉടമകൾക്ക് പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരള ബിൽഡിംഗ്സ് (പാട്ടം, വാടക നിയന്ത്രണ) നിയമത്തിലെ വ്യവസ്ഥകൾ വാടകക്കാരനെയും കെട്ടിട ഉടമയെയും ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത നിയമം റദ്ദ് ചെയ്യുകയും പുതിയ നിയമത്തിന്റെ കരട് നിയമ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ധനകാര്യവകുപ്പിന്റെ പരിഗണനയിലുമാണ്. ധനകാര്യവകുപ്പിന്റെ അംഗീകാരം ലഭ്യമാക്കി ബില്ലിന്

മന്ത്രിസഭയുടെ അനുമതി കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വികസന പ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരസ്ഥാപന ഉടമകൾക്ക് നഷ്ടപരിഹാരവും പുനരധിവാസവും അനുവദിക്കുന്നുണ്ട്.

## (2) ശബരിമലയിൽ അടിസ്ഥാനസൗകര്യം ഉറപ്പാക്കൽ

ശ്രീ. ഒ. രാജഗോപാൽ: 2019-20 സാമ്പത്തികവർഷം ശബരിമലയിലെ തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 739 കോടി രൂപ വകയിരുത്തിയെന്ന് ബഡ്ജറ്റ് രേഖകളിൽ പറയുന്നുണ്ടെങ്കിലും ശബരിമല മാസ്റ്റർ പ്ലാനിന് നീക്കിവച്ചിട്ടുള്ളത് 28 കോടി രൂപ മാത്രമാണ്. ശബരിമല ഇടത്താവളം പദ്ധതിക്കായി കിഫ്ബി വഴി പ്രഖ്യാപിച്ച തുക ചെലവാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും വേണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-20-ലെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളും തിരുവിതാംകൂർ ദേവസ്വം ബോർഡും അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. സന്നിധാനത്ത് 6500-ഓളം പേർക്ക് വിരിവയ്ക്കാനുള്ള സൗകര്യമൊരുക്കുന്നതാണ്. അടിയന്തര

വൈദ്യസഹായ കേന്ദ്രം (EMC) 5 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസാദ വിതരണത്തിനായി പ്രത്യേക കൗണ്ടർ സജ്ജമാക്കുകയും അരവണ കരുതൽ ശേഖരത്തിന്റെ ഉത്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2 കോടി 5 ലക്ഷം ലിറ്റർ ജലം സംഭരിക്കാനാവശ്യമായ സംഭരണികളും മാലിന്യ സംസ്കരണത്തിനായി 3 ഇൻസിനറേറ്ററുകളും 600 വേസ്റ്റ് ബിന്നും 5 എം.എൽ.ഡി.-യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സജ്ജീകരിച്ചിട്ടുണ്ട്. പരമ്പരാഗത പാതയിൽ കാർഡിയോളജി സെന്ററുകൾ, ഓക്സിജൻ പാർലറുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ത്രിവേണി പാലം മുതൽ ഗണപതി ക്ഷേത്രം വരെ താൽക്കാലിക പന്തൽ സജ്ജീകരിച്ചിട്ടുണ്ട്. പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആംബുലൻസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ചെറുതും വലുതുമായ 9000 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കുകയും പുതിയതായി 2000 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം പൂർത്തിയായി വരികയുമാണ്. ശബരിമല തീർത്ഥാടനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ

പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചു.)

## III നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(i) <u>2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

264. ഖണ്ഡം 2 (ഡി)-ൽ "ബാങ്ക്, സഹകരണ ബാങ്ക്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ബാങ്കുകൾ, സഹകരണ ബാങ്കുകൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

299. ഖണ്ഡം 2 (ഇ)-ൽ "സ്റ്റോഴ്സും" എന്ന വാക്കിനു പകരം "സ്റ്റോറുകളും " എന്ന വാക്ക് ചേർക്കുക

345. ഖണ്ഡം 2 (എൽ)-ൽ "വകുപ്പ്" എന്ന വാക്കിനു പകരം "വകുപ്പിലെ (1)-ാം ഉപവകുപ്പ്" എന്നീ വാക്കുകളും അക്കവും ചിഹ്നവും ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

365. ഖണ്ഡം 3-ൽ, "പ്രമാണങ്ങളിലോ" എന്ന വാക്കിനു പകരം

"പ്രമാണത്തിലോ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

395. ഖണ്ഡം 4-ൽ "താത്പര്യങ്ങളും" എന്ന വാക്കിനു പകരം " താൽപ്പര്യങ്ങളും" എന്ന് ചേർക്കുക.

408. ഖണ്ഡം 4-ൽ "ഏതെങ്കിലും വ്യക്തികൾക്കോ" എന്നീ

വാക്കുകൾക്ക് ശേഷം "സ്ഥാപനങ്ങൾക്കോ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

5-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

6-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

7-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

533. ഖണ്ഡം 8-ൽ

i) "ഫർണിച്ചറുകൾ" എന്ന വാക്കിന് പകരം "ഫർണിച്ചർ" എന്ന വാക്ക് ചേർക്കുക.

ii) "ഫർണിച്ചറുകൾ" എന്ന വാക്കിന് ശേഷം "വാഹനങ്ങൾ" എന്ന

വാക്ക് ചേർക്കുക.

iii) "വന്നതിന്ശേഷം" എന്നതിന് പകരം "വന്നതിന് ശേഷം" എന്ന്

ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

614. ഖണ്ഡം 10 (2)-ൽ "പക്ഷം" എന്ന വാക്കിന് ശേഷം "ആയത്

പരിഹരിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

649. ഖണ്ഡം 10(4)-ൽ, "പ്രതിനിധികളുടേയോ" എന്നതിനു പകരം "പ്രതിനിധികളുടെയോ" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

മന്ത്രി 681-ാം നമ്പർ ഭേദഗതിയും 685-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

681. ഖണ്ഡം 12-ന്റെ മാർജിനൽ ശീർഷകത്തിൽ "സേവന വ്യവസ്ഥകൾ" എന്നതിനു പകരം "സേവന വേതന വ്യവസ്ഥകൾ" എന്ന് ചേർക്കുക.

685. ഖണ്ഡം 12 (1)-ൽ

iii) " സേവന വ്യവസ്ഥകൾ" എന്ന വാക്കിനു പകരം "സേവനവേതന വ്യവസ്ഥകൾ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

713. ഖണ്ഡം 13(1)-ൽ "ശ്രീ."എന്നത് ഒഴിവാക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

739. ഖണ്ഡം 16 (1)-ൽ "ഗസറ്റ്" എന്ന വാക്ക് ഒഴിവാക്കുക.

740. ഖണ്ഡം 16 (2)-ൽ "സമ്മേളനങ്ങളിലോപെടാവുന്ന" എന്ന വാക്കിനു

പകരം "സമ്മേളനങ്ങളിലോ പെടാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

742. ഖണ്ഡം 17-ൽ "ആ വൈഷമ്യം" എന്നതിനു പകരം "അത്തരം വൈഷമ്യങ്ങൾ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

764. ഖണ്ഡം 18 -ന്റെ ക്ലിപ്തനിബന്ധനയിൽ "വിധേയവുമായിരിക്കും" എന്നതിന് പകരം "വിധേയവുമായിരിക്കുന്നതാണ് " എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>19-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

123. ദീർഘശീർഷകത്തിൽ "ഇപ്പോൾ" എന്ന വാക്കിന് പകരം "നിലവിൽ"എന്ന വാക്ക് ചേർക്കുക.

160. പീഠികയിൽ "ഇപ്പോൾ " എന്ന വാക്കിനു പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

ii) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി ) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ): 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 10. 47-ന് പിരിഞ്ഞു.

*********